


# Week 1: January. നീ എവിടെ? (ഉല്പ:3:10)



വികൃതി കാട്ടിയ ഒരു ബാലൻ അവന്റെ പിതാവിനെ പേടിച്ച് അദ്ദേഹത്തിന്റെ മുൻപിൽ പ്രത്യക്ഷപ്പെടാതെ ഒളിച്ചി രിക്കുന്നു. മകനെ കാണാതെ വിഷമിച്ച അപ്പൻ ദേഷ്യപ്പെട്ട ില്ലെങ്കിലും ആദ്യം ചോദിച്ചത്, എടാ നീ എവിടെയാ? ഭയപ്പെട്ട പൈതൽ പ്രതികരിക്കാതെ ഇരുന്നപ്പോൾ 'മക്കളെ' അപ്പ യുടെ ചക്കരമോൻ എവിടെയാ? മോന് ഇഷ്ടമുള്ള ഒരു സമ്മാനം തരാം മക്കൾ ഓടിവാ എന്ന് അപ്പൻ പറഞ്ഞുകേട്ട പ്പോൾ വികൃതിയുടെ കാര്യം മറന്ന് അവൻ ഓടിയെത്തി.

ഇതുപോലെ 2014 ൽ ദൈവത്തോട് കാണിച്ച അനുസര ണക്കേട്,കുടുംബപ്രാർത്ഥനയിലോ,സ്വകാര്യപ്രാർത്ഥനയിലോ വീഴ്ച വരുത്തിയത്, നിരാശയുടെ വാക്കുകൾ പറഞ്ഞത്, മറ്റുള്ളവരെ വേദനിപ്പിച്ചത്, സംഭവിക്കും എന്നാശിച്ചതു പലതും അസംഭവ്യമായത് ഓർത്ത് അപ്പനിൽ നിന്നകന്നു കഴിയുന്ന ദൈവമക്കളെ 'നീ എവിടെ' എന്ന് പേരു ചൊല്ലി വിളിക്കുന്ന അപ്പന്റെ ശബ്ദത്തിന് കാതോർക്കുക. 'കുഞ്ഞു ങ്ങളെ' എന്ന് ശിഷ്യൻമാരെ വിളിച്ച യേശു (യോഹ 21:5) നിങ്ങളെയും വിളിക്കുന്നു. ഈ പുതുവർഷം സകല സ്വർഗ്ഗീ യാനുഗ്രഹങ്ങളാലും അവൻ നിങ്ങളെ അനുഗ്രഹിക്കും. ആയിരിക്കുന്നിടത്തുനിന്നും എഴുന്നേല്ക്കുക മാത്രമല്ല 'ഞാൻ ഇതാ അപ്പാ' എന്ന് പറഞ്ഞ് അടുത്തു ചെല്ലുക.

## പ്രാർത്ഥന

അപ്പാ ! ഞാൻ നിന്നോട് പാപം ചെയ്തിട്ടും കൃപാലു വായ അങ്ങ് പോയവർഷം എന്നെ വഴിനടത്തുക മാത്രമല്ല പുതുവർഷം ദാനമായി നൽകുകയും ചെയ്തു. അങ്ങയുടെ വലങ്കരത്താൽ എന്നെ പിടിച്ച് ഞാൻ പോകുന്ന വഴിയിലൊ ക്കെയും എന്നോടൊപ്പം വന്ന് മേല്ക്കുമേൽ എന്നെ അനുഗ്ര

ഹിക്കേണമേ. യഹോവ എന്റെ അപേക്ഷ കേട്ടതിനാൽ ഞാൻ ഇനിയും അവനെ സ്തുതിക്കും.

ആമേൻ.

---



Santhamma Varghese

This article is written by Santhamma Varghese.

copyright with http://biblestudy.co.in